## അദ്ധ്യായം ഒൻപത്

# യേശുവിന്റെ ഇഷ്ട ധർമ്മോപദേശകൻ

**(Jesus' Favourite Preacher)**

യേശുവിന് ഒരു ഉപദേശകനുായിരുന്നു എന്നത് നമ്മെ അതിശയിപ്പിച്ചേക്കാം. യേശുവിന്റെ ആ ഉപദേശകൻ ഒരു ലൂഥർകാരനോ, മെതോഡിസ്റ്റുകാരനോ, പെന്തക്കോസ്തുകാരനോ, ആംഗ്ലിക്കനോ, പ്രിസ്ബറ്റേറിയനോ ആയിരുന്നില്ല, അദ്ദേഹം ഒരു ബാപ്റ്റിസ്റ്റുകാരനായിരുന്നു, നാം അവനെ യോഹന്നാൻ സ്നാപകൻ എന്ന പേരിൽ അറിയുന്നു, യേശു അവനെക്കുറിച്ച് പറഞ്ഞതാണ് സ്നാപകനായ യോഹന്നാൻ .

> സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല (മത്താ 11:11a).

എല്ലാവരും സ്ത്രീയിൽ ജനിക്കുന്നവരാണ്, എങ്കിലും യേശുവിന്റെ ന ിഗമനത്തിൽ ജീവിച്ചിരുന്ന ഏതു മനുഷ്യനേക്കാളും ശ്രേഷ്ടനായിരുന്നു യോഹന്നാൻ സ്നാപകൻ. യോഹന്നാനെക്കുറിച്ച് യേശു ഇത്രയും സമുന്നതമായി അനുമാനിക്കാൻ കാരണം തന്റെ ആത്മിക ഗുണങ്ങളാണ്. അങ്ങനെയെങ്കിൽ നമുക്കും ആ ഉന്നതമായ ആത്മഗുണങ്ങൾ അനുകരിക്കുന്നത് നല്ലതാണ്. ശ്രേഷ്ടമായ ഏഴു ആത്മീകഗുണങ്ങളെങ്കിലും ഞാൻ സ്നാപക യോഹന്നാനിൽ കാണുന്നു. യോഹന്നാൻസ്നാപകന്റെ ശുശ്രൂഷയിൽ പ്രവാചകൻ, സുവിശേഷകൻ എന്ന രു ഗുണങ്ങളാണ് പ്രകടമായിരുന്നതെങ്കിലും, സാധാരണഗതിൽ ഒരു സുവിശേഷകനിൽ ഏഴു ആത്മിക ഗുണങ്ങൾ കാണപ്പെടുന്നു. നമുക്ക് ഓരോന്നും ചിന്തിക്കാം

## യോഹന്നാന്റെ ഒന്നാമത്തെ ശ്രേഷ്ഠത

**(John's First Quality)**

> നീ ആർ എന്ന് യോഹന്നാനോടു ചോദിക്കേതിന് യഹൂദന്മാർ യറുശലേമിൽനിന്നു പുരോഹിതന്മാരേയും ലേവ്യരേയും അവന്റെ അടുക്കൽ അയച്ചപ്പോൾ അവന്റെ സാക്ഷ്യം എന്തെന്നാൽ അവൻ നിരസിക്കാതെ ഏറ്റുപറഞ്ഞു: ഞാൻ ക്രിസ്തു അല്ല പിന്നെ എ ന്ത്? നീ ഏലിയാവോ എന്ന് അവനോട് ചോദിച്ചതിന്: അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ? എന്നതിന്: അല്ല എന്ന് അവൻ ഉത്തരം പറഞ്ഞു. അവർ അവനോട് നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോട് ഉത്തരം പറയേതിന് നീ നിന്നെക്കുറിച്ചുതന്നെ എന്തുപറയുന്നു എന്നു ചോദിച്ചു. അതിന് അവൻ: യശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ: കർത്താവിന്റെ വഴി നേരേയാക്കുവിൻ

എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു എന്നു പറഞ്ഞു (യോഹ 1: 19-23).

ɛയാഹന്നാൻ തന്റെ വിളി തിരിച്ചറിഞ്ഞ് അതിനെ പിൻപറ്റി. ശുശ്രൂഷകന്മാർ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുവരുത്തണം. നിങ്ങൾ ഒരു സുവിശേഷകനാണെങ്കിൽ ഒരിക്കലും ഒരു പാസ്റ്റർ ആയിരിക്കരുത്. നിങ്ങൾ ഉപദേഷ്ടാവാണെങ്കിൽ ഒരിക്കലും ഒരു പ്രവാചകനായിരിക്കരുത്. കാരണം അത് ആകുലതക്ക് ഇടവരുത്തും.

നിങ്ങളുടെ വിളിയെ എങ്ങിനെയാണ് തിരിച്ചറിയുന്നത്? ആദ്യമായി നിങ്ങളെ വിളിച്ചവനായ ദൈവത്തെ അന്വേഷിച്ചറിയുക, രാമതായി നിങ്ങളുടെ താലന്തിനെ പരിശോധിക്കുക. നിങ്ങളെ ദൈവം ഒരു സുവിശേഷകനായി വിളിച്ചു എങ്കിൽ, അവൻ അതിനായി നിങ്ങളെ ശക്തനാക്കും. മൂന്നാമതായി നിങ്ങളിലൂടെ വ്യാപരിക്കുന്ന കഴിവുകൾ എന്തെന്ന് മറ്റുള്ളവർ ഉറപ്പുതരുന്നതിലൂടെ നിങ്ങളുടെ വിളി ഏതെന്ന് ഉറപ്പിക്കാം.

നിങ്ങളുടെ വിളി ഉറപ്പായിക്കഴിഞ്ഞാൻ പൂർണ്ണ ഹൃദയത്തോടെ അതിനെ പിൻപറ്റുക, ഒരു തടസ്സത്തേയും വക വയ്ക്കരുത്. അനേകർ ദൈവം തന്നെക്കൊ് എന്ത് ചെയ്യിക്കുവാൻ പോകുന്നു എന്നറിയാൻ കാത്തിരിക്കുന്നു. പെട്ടകം ഉാക്കാൻ നോഹ ദൈവത്തിന്റെ മുന്നിൽ കാത്തിരുന്നില്ല.

ശുശ്രൂഷയെ വേല എന്നു പറയാറു്. നിങ്ങളുടെ വിളിക്കനുസരിച്ചുള്ള പ്രവൃത്തി ചെയ്യുവാൻ സാത്താൻ സമ്മതിക്കില്ല, പക്ഷേ നിങ്ങൾ അവനോടു പോരാടി വിശ്വാസത്താൽ മുന്നേറണം. വചനത്തിൽ പ്രതിപാദിച്ചിട്ടില്ലെങ്കിലും യോഹന്നാൻ സ്നാപകൻ യോർദ്ദാന്റെ തീരപ്രദേശത്ത് തന്റെ ശുശ്രൂഷ ആരംഭിച്ചു എന്നത് സത്യം. തന്നെ കേൾക്കാൻ ആദ്യം വന്ന ജനം രാമത് വന്നവരേക്കാൾ വളരെ കുറവായിരുന്നു. ജനക്കൂട്ടം അവനെ കളിയാക്കുകയും പീഡിപ്പിക്കയും ചെയ്തു എന്നത് വാസ്തവം. പക്ഷേ അവനെ പിന്തിരിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. കാരണം തന്നെ ശുശ്രൂഷക്കായി വിളിച്ച ദൈവത്തെ സന്തോഷിപ്പിക്കുക എന്നതായിരുന്നു തന്റെ ലക്ഷ്യം. അവസാനം താൻ അതിൽ വിജയിച്ചു.

നമുക്ക് പിൻപറ്റാവുന്ന യോഹന്നാന്റെ ആദ്യത്തെഗുണം ഇതായിരുന്നു: യോഹന്നാൻ തന്റെ വിളി തിരിച്ചറിഞ്ഞ് അതിനെ പിൻപറ്റി.

## യോഹന്നാന്റെ രാമത്തെ ശ്രേഷ്ഠത
## (John’s Second Quality)

ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു. യഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ (മത്താ 3:1-2).

‘‘സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ’’ (മത്താ 4:13) എന്ന് യേശു പ്രസംഗിച്ചുതടങ്ങി. യേശു യോഹന്നാന്റെ പ്രസംഗത്തെ പ

ൂർണ്ണമായി അംഗീകരിച്ചതിന്റെ തെളിവാണിത്. മാനസാന്തരപ്പെട്ട്, പാപം വിട്ടൊഴിഞ്ഞ് നീതിയുടെ മാർഗ്ഗത്തിലേക്ക് തിരിയുവിൻ എന്നു യോഹന്നാൻ പ്രസംഗിച്ചു. മാനസാന്തരപ്പെടാത്തവൻ നരകത്തിൽ തള്ളപ്പെടും, ദൈവവുമായുള്ള ബന്ധം തുടങ്ങാൻ മാനസാന്തരം അത്യാവശ്യമാണെന്ന് യോഹന്നാൻ അറിഞ്ഞിരുന്നു.

ആധുനിക സുവിശേഷകരിൽനിന്നും വ്യത്യസ്ഥനായിരുന്നു യോഹന്നാൻ. ദൈവത്തിന്റെ സ്നേഹം ഒരിക്കലും തന്റെ പ്രസംഗ വിഷയമായിരുന്നില്ല. ആവശ്യങ്ങൾ പ്രാർത്ഥനയിലൂടെ നേടാൻ ഉള്ള പ്രേരണ ജനത്തിൽ വളർത്തി യേശുവിനെ സ്വീകരിക്കുക തന്മൂലം സമർത്ഥമായ ജീവൻ കരസ്ഥമാക്കുക എന്നൊക്കെയുള്ള വശീകരണ ഭാവം അർത്ഥശൂന്യമായ പ്രാർത്ഥനയിലൂടെ നേടാമെന്നൊന്നും യോഹന്നാൻ ജനത്തെ പഠിപ്പിച്ചില്ല. ജനം അടിസ്ഥാനപരമായി നല്ലവരാണെന്നും, ദൈവം അവരെ സ്വർഗ്ഗത്തിലെത്തിക്കുമെന്നും രക്ഷ സ്വപ്രവർത്തിയുടെ ഫലമല്ല - എന്നെന്നും യോഹന്നാൻ ജനത്തെ പഠിപ്പിച്ചില്ല. ദൈവം അവരെ കതുപോലെ തന്നെ യോഹന്നാനും അവരെ കു. ദൈവത്തോടു മറുതലിക്കുന്നവർ പ ാപത്തിന്റെ പരിണിതഫലം അനുഭവിക്കുമെന്നും പഠിപ്പിച്ചു. വരുവാനുള്ള ദൈവകോപത്തെക്കുറിച്ച് ആഹ്വാനം നൽകി. മനം തിരിഞ്ഞ് ദുഷ്പ്രവർത്തികൾ അവസാനിപ്പിച്ചില്ലായെങ്കിൽ അവർ നിത്യമരണത്തിന്നിടയാകുമെന്ന് പഠിപ്പിച്ചു. ''ദൈവവുമായുള്ള ബന്ധത്തിന്റെ ആദ്യപടി മാനസാന്തരമാണെന്ന് യോഹന്നാൻ പഠിപ്പിച്ചു.''

## യോഹന്നാന്റെ മൂന്നാമത്തെ ശ്രേഷ്ഠത
## (John's Third Quality)

> യോഹന്നാന് ഒട്ടകരോമംകൊുള്ള ഉടുപ്പും, അരയിൽ തോൽവാറും ഉ ായിരുന്നു. അവന്റെ ആഹാരമോ വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു (മത്താ 3:4).

ഭൗതിക ഐശ്വര്യത്തെ പ്രസംഗിക്കുന്ന ഒരു ആധുനിക പ്രസംഗകന്റെ ചിത്രമല്ല യോഹന്നാനിൽ നാം കാണുന്നത്. ഒരാധുനികന്റെ കാഴ്ചയിൽ യോഹന്നാൻ വേദികളിൽ പ്രത്യക്ഷപ്പെടാൻ യോഗ്യമായ വസ്ത്രധാരണയിലല്ലായിരുന്നു. യഥാർത്ഥ ദൈവപുരുഷനായിരുന്ന യോഹന്നാൻ, ദൈവം ഹൃദയങ്ങളെ നോക്കുന്നു എന്ന വസ്തുത അറിഞ്ഞിരുന്നു. തന്മൂലം ലോകസമ്പത്തിൽ താൻ ആശ്രയിച്ചില്ല, ബാഹ്യ ഭാവത്തിലൂടെ ജനത്തെ ആകർഷിക്കാൻ താൻ ആഗ്രഹിച്ചിരുന്നില്ല. ലളിതജീവിതവും എളിമത്തവും ഒരാൾക്ക് പിൻപറ്റാൻ കഴിയുന്ന ഒരു മാതൃകയല്ലായിരുന്നു. ധനസമ്പാദനം തന്റെ ലക്ഷ്യമായിരുന്നില്ല. സ്വന്ത ഇച്ഛക്കും വ്യക്തിപരമായ നേട്ടത്തിനും വേി പ്രവർത്തിക്കുന്ന ആധുനിക സുവിശേഷകരെ യോഹന്നാനുമായി ഒരു വിധത്തിലും താരതമ്യം ചെയ്യുവാൻ സാധ്യമല്ല. അവർ യേശുവിനെ തെറ്റായി പ്രതിധാനം ചെയ്യുകയും ക്രിസ്തുവിന് എതിരായി പ്രവർത്തിക്കുന്നവരുമാണ്. യോഹന്നാനെ

ഇഷ്ടപ്പെട്ട ഉപദേശകനായി യേശു കണക്കാക്കി കാരണം യോഹന്നാൻ വളരെ ലളിതജീവിതം നയിച്ചു.

## യോഹന്നാന്റെ നാലാമത്തെ ശ്രേഷ്ഠത
## (John's Fourth Quality)

> അവനാൽ സ്നാനം ഏൽക്കുവാൻ വന്ന പുരുഷാരത്തോട് പറഞ്ഞത്. സർപ്പസന്തതികളെ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചുതന്നത് ആർ? മാനസാന്തരത്തിനുയോഗ്യമായ ഫലം കായ്പ്പിൻ. അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടു് എന്ന് ഉള്ളം കൊുപറവാൻ തുനിയരുത്, അബ്രഹാമിന് ഈ കല്ലുകളിൽനിന്ന് മക്കളെ ഉളവാക്കുവാൻ ദൈവത്തിന് കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോ 3:7–8).

അനേകർ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയിൽ ആകൃഷ്ടരായി. തന്റെ സന്ദേശം വിട്ടുവീഴ്ചക്ക് വിധേയമായിരുന്നില്ല. യോർദ്ദാനിൽ അനേകർ അവരുടെ പാപങ്ങളെ ഏറ്റുപറഞ്ഞു തന്റെ കൈക്കീഴിൽ സ്നാനം ഏറ്റു. സദൂക്യരിലും, പരീശന്മാരിലും ചിലർ യോർദ്ദാനിൽ സ്നാനം ഏല്ക്കാൻ വന്നു (മത്തായി 3:7). കൂട്ടത്തിൽ അനേകർ സമർപ്പണമില്ലാതെ വന്നുവോ എന്ന് സ്നാപകൻ ഭയപ്പെട്ടു. തന്മൂലം സ്നാനവും, പാപം ഏറ്റുപറച്ചിലും കൊു മാത്രം ഒരുവനെ നരകത്തിൽ നിന്ന് രക്ഷിക്കുകയില്ല എന്നും, സ്നാനം സ്വർക്ഷരാജ്യത്തെ അവകാശമാക്കാനുള്ള മാർഗ്ഗമാണ് എന്ന് ധരിച്ച് വഞ്ചിക്കപ്പെടരുതെന്ന് സ്നാപകൻ തുറന്നു പറഞ്ഞു. യഥാർത്ഥ പശ്ചാത്താപം അനുസരണത്തിന്റെ ഫലത്തെ ഉളവാക്കുന്നു എന്ന് ഉപദേശിച്ചു.

അബ്രഹാമിന്റെ പാരമ്പര്യം തങ്ങളെ രക്ഷിക്കുമെന്നുള്ള ഉറപ്പ് യഹൂദന്മാർക്കുായിരുന്നു. ഇത് തീർത്തും മിഥ്യാബോധമാണെന്നു സ്നാപകൻ തുറന്നടിച്ചു.

സ്നാപകയോഹന്നാന്റെ നാലാമത്തെ യോഗ്യത: *സത്യം തുറന്നുപറഞ്ഞു; ജനത്തെ അത്രമാത്രം സ്നേഹിച്ചു, പാപക്ഷമയില്ലാത്ത, വിശുദ്ധിയില്ലാത്ത യാതൊരുവനും സ്വർഗ്ഗരാജ്യത്തിന്റെ പാതയിൽ അല്ലായെന്ന് തുറന്നു പറഞ്ഞു.*

## യോഹന്നാന്റെ അഞ്ചാമത്തെ ശ്രേഷ്ഠത
## (John's Fifth Quality)

തന്റെ തെറ്റുകളെ ഏറ്റു പറയാത്ത ഒരുവനേയും യോഹന്നാൻ സ്നാനം കഴിപ്പിച്ചില്ല. അവന്റെ അടുക്കൽ ചെന്നു തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞവരെയത്രെ താൻ സ്നാനം കഴിപ്പിച്ചത് (മത്തായി 3:6). സ്നാനത്തിനായി വന്നവർക്ക് മുന്നറിയിപ്പുനൽകി.

ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു

കളയുന്നു. വീശുമുറം അവന്റെ കയ്യിൽ ഉ്. അവൻ കളത്തെ മുറ്റം വെടിപ്പാക്കി ഗോതമ്പു കളപ്പുരയിൽ കൂട്ടി വെക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും (മത്തായി 3:10,12).

സ്വർഗ്ഗരാജ്യത്തിനായി ആത്മാക്കളെ നേടുന്നതിനേക്കാൾ ജനസമ്മതിക്ക് മുൻതൂക്കം നൽകുന്ന ശുശ്രൂഷകന്മാരിൽ നിന്ന് തികച്ചും വ്യത്യസ്തനായി, നരകത്തിന്റെ സത്യാവസ്ഥകൾ തുറന്നുകാട്ടാൻ യോഹന്നാൻ ഉത്സുകനായിരുന്നു. വിശുദ്ധിയുള്ളവൻ സ്വർഗ്ഗരാജ്യത്തിനവകാശിയാകുമെന്ന കർത്താവിന്റെ ഗിരിപ്രഭാഷണത്തിന് സമാനമായ ഉപദേശമാണ് യോഹന്നാനും പ്രസംഗിച്ചത്. നല്ല ഫലം കായ്ക്കാത്തവരെ തീയിലിട്ടു ചുട്ടുകളയും.

യോഹന്നാൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ പ്രഗത്ഭരായ, അംഗീകരിക്കപ്പെട്ട ശുശ്രൂഷകന്മാർ യോഹന്നാനെ നരകാഗ്നിയേയും, അതിന്റെ ഇന്ധനത്തേയും കുറിച്ച് പ്രസംഗിക്കുന്നവൻ, സ്വയം നീതികരിക്കുന്ന പ്രവാചകൻ എന്നൊക്കെ പഴിക്കുമായിരുന്നു. എന്നാൽ സത്യം എന്താണ്? യേശുവിന്റെ പ്രിയപ്പെട്ട ഉപദേശകനായിരുന്നു യോഹന്നാൻ. യോഹന്നാന്റെ അഞ്ചാമത്തെ യോഗ്യത: നരകത്തെക്കുറിച്ച് പ്രസംഗിക്കുകയും എങ്ങനെയുള്ളവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതെന്നും യോഹന്നാൻ വ്യക്തമാക്കി. യോഹന്നാന്റെ സന്ദേശത്തെ ലൂക്കോസ്, സുവിശേഷം എന്ന് നാമകരണം ചെയ്തിരിക്കുന്നു (ലൂക്കോ 3:18).

## യോഹന്നാന്റെ ആറാമത്തെ ശ്രേഷ്ഠത
## (John's Six Quality)

യോഹന്നാനെ ദൈവം ശക്തമായി ഉപയോഗിച്ചു, താൻ ജന സമ്മതനായി, എങ്കിലും യേശുവുമായി താരതമ്യപ്പെടുത്തുമ്പോൾ താൻ നിസ്സാരനാണെന്ന് തനിക്ക് അറിയാമായിരുന്നു. എപ്പോഴും യോഹന്നാൻ കർത്താവിനെ പുകഴ്ത്തിയിരുന്നു.

> ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നു എന്നേയുള്ള. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്ന ാനം ഏല്പിക്കും. (മത്താ 3:11).

ഈ കാലഘട്ടത്തിന്റെ ശുശ്രൂഷകന്മാരിൽ നിന്ന് എത്ര വിഭിന്നമാണ് യോഹന്നാൻ!. ഇന്നത്തെ ശുശ്രൂഷകന്മാരുടെ വർണ്ണചിത്രം കെ് മാഗസിനുകൾ നിറയുന്നു. കർത്താവിന്റെ പ്രതിപാദ്യം വിരളം. അണികളുടെ നടുവിൽ, അൾത്താരയിൽ പീലിവിരിച്ചാടുന്ന മയിലിനെപ്പോലെ അവർ വിലസുന്നു. എത്തിപ്പിടിക്കാനോ, സ്പർശിക്കപ്പെടാനോ കഴിയാത്തത്ര

ഉയരത്തിൽ അവർ സ്വയം ശക്തിമാന്മാരായി നിലകൊള്ളുന്നു. ചില ശുശ്രൂഷകർ ദൂതന്മാരോടുമാത്രമല്ല, ദൈവത്തോടുപോലും ആജ്ഞാപിക്കുന്നു. എന്നാൽ യോഹന്നാൻ പറയുന്നത് ശ്രദ്ധിക്കുക: യേശുവിന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻ ഞാൻ യോഗ്യനല്ല. തികച്ചും ഒരു ദാസനെന്നും, അടിമയെന്നും സ്വയം സമ്മതിക്കുന്നു. സ്നാനത്തിനായി കടന്നുവന്ന ക്രിസ്തുവിനെ യോഹന്നാൻ വിലക്കുന്നു. യേശു രക്ഷകനായ മിശിഹായാണെന്ന് തിരിച്ചറിഞ്ഞപ്പോൾ യോഹന്നാൻ വിളിച്ചു പറഞ്ഞു. "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 3:29). ഞാനോ കുറയേണം, അവനോ വളരേണം (യോഹ 3:30) ഇതായിരുന്നു യോഹന്നാന്റെ എളിയ ആഗ്രഹം.

ഇതായിരുന്നു യോഹന്നാന്റെ ആറാമത്തെ യോഗ്യത. ഇതുതന്നെയാണ് യേശു യോഹന്നാനെ തന്റെ ഉപദേശകനായി അംഗീകരിക്കാൻ കാരണം. *യോഹന്നാൻ സ്വയം താഴ്ത്തി കർത്താവിനെ ഉയർത്തി, സ്വയം ഉയർത്തപ്പെടാനുള്ള ആശ യോഹന്നാനിൽ ലേശം പോലും ഉായിരുന്നില്ല.*

## യോഹന്നാന്റെ ഏഴാമത്തെ ശ്രേഷ്ഠത
## (John's Seventh Quality)

ആധുനിക ഉപദേശകന്മാർ ആരേയും വ്രണപ്പെടുത്താതെ തങ്ങളുടെ ഉപദേശം പങ്കുവെക്കുന്നു. നല്ലതുചെയ്യുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഒരു പ്രസംഗകൻ ഇങ്ങനെ വിളിച്ചു പറയുമ്പോൾ വിശ്വാസികൾ ഒന്നടങ്കം ആമേൻ പറയുന്നു. പല പ്രസംഗകരും, ലോകത്തിന്റെ പാപത്തിന്റെ പട്ടികയെ നിരത്തുന്നു, എന്നാൽ തന്റെ സഭയിലെ പാപത്തെ തുറന്നുകാണിക്കാൻ ധൈര്യപ്പെടാറില്ല. അശ്ലീല സാഹിത്യത്തെ അധിക്ഷേപിക്കുന്ന ഇക്കൂട്ടർ നീചമായ വീഡിയോ ചിത്രങ്ങളും മറ്റും കാണുന്ന സ്വന്തം സഭക്കാരുടെ അധാർമികത കില്ലായെന്നു നടിക്കുന്നു. മനുഷ്യഭയം ഇത്തരം ശുശ്രൂഷകരെ കെണിയിൽ കുടുക്കിയിരിക്കുന്നു. എന്നാൽ യോഹന്നാൻ കാര്യങ്ങൾ തുറന്നടിക്കുന്നതിൽ മടികാണിച്ചിരുന്നില്ല. ലൂക്കോസ് വിവരിക്കുന്നത് ശ്രദ്ധിക്കുക:

> എന്നാൽ ഞങ്ങൾ എന്തു ചെയ്യേണം? എന്ന് ജനക്കൂട്ടം അവനോട് ചോദിച്ചു. അതിന് അവൻ രു വസ്ത്രമുള്ളവൻ ഇല്ലാത്തവന് കൊടുക്കട്ടെ ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ എന്നുപറഞ്ഞു. ചുങ്കക്കാരും സ്നാനമേല്ക്കുവാൻ വന്നു. ഗുരോ, ഞങ്ങൾ എന്തുചെയ്യേണം? എന്ന് അവനോടുചോദിച്ചു. നിങ്ങളോടു കല്പിച്ചതിൽ അധികം ഒന്നും പിരിക്കരുത്. എന്ന് അവൻ അവരോടു പറഞ്ഞു. പടജ്ജനവും അവനോടു: ഞങ്ങൾ എന്തുചെയ്യേണം എന്നു ചോദിച്ചതിന്: ആരേയും ബലാൽക്കാരം

ചെയ്യാതെയും ചതിയായി ഒന്നും വാങ്ങാതെയും നിങ്ങളുടെ ശമ്പളം മതി എന്നു അവരോടു പറഞ്ഞു (ലൂക്കോ 3:10–14).

യോഹന്നാന്റെ ഉപദേശങ്ങളിൽ ആറിലും അഞ്ചിലും സാമ്പത്തിക പരാമർശമു് എന്നത് രസകരമത്രേ. കാര്യവിചാരകത്വത്തെ പ രാമർശിക്കുന്നതിൽ യോഹന്നാന് ഭയമില്ലായിരുന്നു. തീഷ്ണമായ ഈ ഉപദേശത്തെ സ്വീകരിക്കുവാൻ പക്വതയുള്ള ഒരു പുതിയ വിശ്വാസിഗണം ഉ ാകും വരെ കാത്തിരിക്കുവാൻ യോഹന്നാൻ തയ്യാറായിരുന്നില്ല. മാമോനേയും ദൈവത്തേയും സേവിക്കുന്നത് അസാധ്യമാണെന്ന് താൻ തുടക്കത്തിലെ അറിഞ്ഞിരുന്നു. ബാഹ്യമായ വിശുദ്ധിയോ, വേഷമോ നിസ്സാരമാണെന്നുതന്നെ താൻ കരുതി. ന്യായപ്രമാണത്തിന്റെ ഘനമേറിയവക്ക് കൂടുതൽ പ്രാധാന്യം നൽകി (മത്തായി 23:23). ''അന്യരെ ന മ്മെപ്പോലെ സ്നേഹിക്കുക,'' ഈ സിദ്ധാന്തത്തിനുകൂടുതൽ വില നൽകി. അന്ന-വസ്ത്രാദികൾ, ഇല്ലാത്തവർക്കായി പങ്കുവെക്കുക, അന്യരോടു സത്യസന്ധതയുള്ളവരും, ഉള്ളതുകൊു തൃപ്തി അടയുന്നവരുമായിരിക്കുവാൻ യോഹന്നാൻ പഠിപ്പിച്ചു. ഇതാണ് യോഹന്നാനിൽ യേശു ക ഏഴാമത്തെ ഗുണം. അവ്യക്തമായ സാധാരണത്വത്തിലേക്കല്ല, ദൈവത്തെ പ്രസാദിപ്പിക്കുന്ന വലിയ കാര്യങ്ങളിലും മറ്റു ശ്രേഷ്ഠമായ ഉന്നത കാര്യങ്ങളിലുമാണ് യോഹന്നാൻ ശ്രദ്ധവച്ചതെന്നു കാണാം.

## സമാപ്തി
## Conclusion

യോഹന്നാൻ ചെയ്ത ശുശ്രൂഷയേക്കാളുപരി വ്യാപ്തിയുള്ള ശുശ്രൂഷചെയ്യാൻ ഇന്നത്തെ പാസ്റ്റർമാർ കടപ്പെട്ടവരാണ്. മാനസാ ന്തരപ്പെട്ടിട്ടില്ലാത്ത ഒരു വിഭാഗത്തോടാണ് യോഹന്നാൻ പ്രസംഗിച്ചത്. എന്നാൽ ഇന്നത്തെ ഉപദേശകർ പ്രസംഗിക്കുന്നത് മാനസാന്തരപ്പെട്ട ഒരു ജനവിഭാഗത്തോടാണ്. അവരുടെ പ്രസംഗമാകട്ടെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞ, പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളാണ്.

പലപ്പോഴും നമ്മുടെ സദസ്സിനെ മനസ്സിലാക്കി പ്രസംഗിക്കാൻ നമുക്ക് കഴിയാതെ പോകുന്നു, തന്മൂലം പാപികളായ സദസ്യരെ നാം വിശുദ്ധരായികണക്കാക്കുന്നു. സഭാ യോഗങ്ങളിൽ കടന്നുവരുന്നവർക്ക് രക്ഷ ഉറപ്പുവരുത്തിവിടുകയല്ല നമ്മുടെ ലക്ഷ്യം. ഇന്ന് സഭകൾ തേടുന്നത് ''യോഹന്നാൻ സ്നാപകന്മാരെയാണ്'' സഭാ വേദികളിൽനിന്ന് മാറ്റൊലി കൊള്ളുന്ന യോഹന്നാൻ സ്നാപകന്റെ ശബ്ദം കേൾക്കുവാൻ ജനം കാതോർക്കുന്നു. ഈ വെല്ലുവിളി സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണൊ? യേശുവിന് പ്രിയപ്പെട്ട ഒരു ഉപദേശകനാകാൻ നിങ്ങൾക്ക് കഴിയുമോ?